V സബ്മിഷൻ

(1) മരണപ്പെട്ട മണക്കാട് സ്വദേശിനിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് നൽകാത്തത് സംബന്ധിച്ച്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, തിരുവനന്തപുരത്ത് ഒരു സ്വകാര്യ ആശുപത്രിയിൽ വച്ച് ജെ. ബി. സുധാകുമാരി എന്ന സ്ത്രീ പ്രസവത്തിനുശേഷം ജനസംഖ്യാ നിയന്ത്രണത്തിന്റെ ഭാഗമായി നടത്തിയ ലാപ്രോസ്കോപ്പി ഓപ്പറേഷൻമൂലം മരണമടയുകയുണ്ടായി. ജെ. ബി. സുധാകുമാരിയുടെ ഭർത്താവ് ശ്രീ. ബാലകൃഷ്ണൻ റെയിൽവേ ജീവനക്കാരനാണ്. അദ്ദേഹം പരിയാരത്ത് എന്റെ മണ്ഡലത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരനാണ്. അദ്ദേഹം സുധാകുമാരിയുടെ മരണശേഷം ഉത്തരവാദപ്പെട്ട പലരുടേയും അടുക്കൽ വളരെയധികം മനംനൊന്ത് ആവലാതിയുമായി പോയെങ്കിലും അതുമായി ബന്ധപ്പെട്ട ഒരന്വേഷണം പോലും നടത്താൻ ഇതുവരെ പോലീസ് അധികാരികൾ തയ്യാറായിട്ടില്ല. ഞാൻ തന്നെ ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു നിവേദനമായി കൊടുത്തിട്ടുണ്ട്. ഇതിനെല്ലാമപ്പുറത്ത് മറ്റൊരു പ്രശ്നം ഉണ്ടായത്, സുധാകുമാരി മരിച്ചശേഷം അങ്ങേയറ്റം വേദനയിലാണ്ട അവരുടെ അമ്മയും പത്തു ദിവസത്തിനുള്ളിൽ മരിച്ചു എന്നതാണ്. എങ്ങനെയാണ് സുധാകുമാരി മരിച്ചത് എന്നത് സംബന്ധിച്ച് പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരന്വേഷണം നടത്തണം എന്നാവശ്യപ്പെട്ടിട്ട് മെഡിക്കൽകോളേജിൽ നിന്ന് 50 ദിവസമായിട്ടും പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതല്ലെങ്കിൽ ശ്രീ. ബാലകൃഷ്ണന്റെ പരാതി കിട്ടിയതിനനുസരിച്ച് പോലീസ് കമ്മീഷണർ ഭർത്താവിന്റെ മൊഴി എടുക്കാനെങ്കിലും അദ്ദേഹത്തെ സമീപിക്കേണ്ടതായിരുന്നു. 50 ദിവസം പിന്നിട്ടിട്ടും ഈ പ്രശ്നത്തിൽ ഒരന്വേഷണംപോലും നടത്താൻ ഉത്തരവാദപ്പെട്ട പോലീസ് അധികാരികൾ തയ്യാറാകാത്തത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. കേന്ദ്രഗവൺമെന്റ് ജീവനക്കാരി കൂടിയായിരുന്ന സുധാകുമാരിയുടെ മരണംമൂലമുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് ആശുപത്രിയിൽ നിന്ന് നഷ്ട പരിഹാരം വാങ്ങിക്കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് അതല്ലെങ്കിൽ ഗവൺമെന്റ് തന്നെ ശിഷ്ടകാലത്തെ സർവ്വീസ് കൂടി കണക്കിലെടുത്തുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. ഇതിനെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, തിരുവനന്തപുരം മണക്കാട് കല്ലാട്ട്നഗറിൽ താമസം ബി.എസ്.എൻ.എൽ. ജീവനക്കാരിയായിരുന്ന സുധാകുമാരി പ്രസവശുശ്രൂഷയ്ക്കായി തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയായ എസ്.പി. ഫോർട്ട് ആശുപത്രിയിൽ 2004 മേയ് 27-ാം തീയതി അഡ്മിറ്റായി. 28-5-2004-ൽ പ്രസവിക്കുകയും 31-5-2004-ന് ലാപ്രോസ്കോപ്പി സർജറിക്ക് വിധേയമാകുകയും തുടർന്ന് 1-6-2004-ന് രാവിലെ 9 മണിയോടെ മരണമടയുകയും ചെയ്തു. ഈ കാര്യത്തിൽ മരണപ്പെട്ട സുധാകുമാരിയുടെ ജ്യേഷ്ഠസഹോദരൻ കാലടി തളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭാസുരയിൽ താമസം കലാധരൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രൊസീഡുവർ കോഡ് 174-ാം വകുപ്പുപ്രകാരം ക്രൈം 298/04-ാം നമ്പരായി ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരം തഹസിൽദാർ പ്രേതവിചാരണാ റിപ്പോർട്ട് തയ്യാറാക്കിയശേഷം മെഡിക്കൽകോളേജാശുപത്രിയിൽ വച്ച് മൃതദേഹം പോസ്റ്റ്മോർട്ടം പരിശോധന നടത്തി. മരിച്ച സുധാകുമാരിയുടെ ഭർത്താവ് ശ്രീ. ബാലകൃഷ്ണന്റെ വസതിയിൽ 3-6-2004-ന് പോലീസെത്തി അദ്ദേഹത്തിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. സുധാകുമാരിയുടെ ഭർത്താവിന് പോസ്റ്റ്മോർട്ടം പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് ആശുപത്രി അധികൃതർ നൽകിയിട്ടില്ലായെന്ന കാര്യത്തെക്കുറിച്ച് വിവരം കിട്ടിയിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

(2) തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താൽക്കാലിക നമ്പരോ പട്ടയമോ കൈവശരേഖയോ നൽകുന്നത് സംബന്ധിച്ച്

<u>ശ്രീ. എം. എ. വാഹീദ്:</u> സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇത് എന്റെ നിയോജകമണ്ഡലവുമായി മാത്രം ബന്ധപ്പെട്ടതല്ല, ബഹുമാനപ്പെട്ട അങ്ങയുടെ നിയോജകമണ്ഡലമുൾപ്പെടെ കേരളത്തിലെ തീരദേശ നിയോജകമണ്ഡലങ്ങളെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കടലോരത്ത് താമസിക്കുന്നവർക്ക് പട്ടയമോ കൈവശ രേഖയോ പഞ്ചായത്തു നൽകുന്ന വീട്ടുനമ്പരോ ഇല്ല. അതുകൊണ്ട് മത്സ്യബന്ധനത്തിനുപോകുന്ന ഇത്തരം തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. സൗജന്യ റേഷൻ കൊടുത്താൽ പോലും ഈ പാവപ്പെട്ടവർക്ക് വീട്ടുനമ്പരില്ലെന്നുള്ളതിന്റെ പേരിൽ ആനുകൂല്യങ്ങൾ കിട്ടാറില്ല. കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും പഞ്ചായത്തുകളുടേയും വിവിധ ആനുകൂല്യങ്ങൾ ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ല. കിട്ടാത്തതിന്റെ പ്രധാന കാരണം വീട്ടുനമ്പരില്ലാത്തതാണ്. പട്ടയമോ കൈവശരേഖയോ ഇല്ലാത്തതുകൊണ്ടാണ് പഞ്ചായത്ത് വീട്ടുനമ്പർ കൊടുക്കാത്തത്. വീട്ടുനമ്പർ ഇല്ലാത്തതുകൊണ്ട് ഒരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. "പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലെന്ന്".....ഇവിടെ കവികൾ പാടിയിട്ടുണ്ട്. ഈ പാവപ്പെട്ട മനുഷ്യപുത്രന് ഇന്ന് തലചായ്ക്കാനിടമുണ്ട്, പക്ഷേ അതിന് ആധികാരിക രേഖയില്ല. വോട്ടർപ്പട്ടികയിൽപ്പോലും അവരുടെ പേരെത്തുന്നില്ല. ഒരു പാസ്പോർട്ട് എടുത്ത് അവർക്ക് അന്യരാജ്യങ്ങളിൽപ്പോയി തൊഴിൽ ചെയ്യാനുള്ള അവസരംപോലും നിഷേധിച്ചിരിക്കുകയാണ്. മനുഷ്യകാരുണ്യപരമായ ഒരു തീരുമാനം ഈ കാര്യത്തിലുണ്ടാകണം. ഈ നിയമസഭയിൽ ഏതു സബ്മിഷൻ ഉന്നയിച്ചാലും ബഹുമാനപ്പെട്ട മന്ത്രി നോക്കാം, പരിശോധിക്കാം, ആലോചിക്കാം, ചിന്തിക്കാം എന്നൊക്കെയാണ് പലപ്പോഴും മറുപടി പറയുന്നത്. മനുഷ്യ കാരുണ്യപരമായ ഈ

LIBRARY ARCHIVES Kerala Legislative Assembly